[ശ്രീ. എ. ജെ. ജാൺ]

[*Mr. Deputy Speaker in the Chair.*]

The question that the time for making the Report of the Select Committee on the Travancore-Cochin Malayala Brahmin Bill be extended up to the 31st March 1956 was put and carried.

The Travancore-Cochin Fixation of Paddy Prices Bill.

SHRI THALEKKARA K. KRISHNAN: I move that the Report of the Select Committee on the Travancore-Cochin Fixation of Paddy Prices Bill to the effect that the Bill be dropped be adopted.

The question that the Report be adopted was put and carried.

The Travancore-Cochin Completion of Nationalisation of Transport Bill.

SHRI D. VIVEKANANDAN: I move that the Travancore-Cochin Completion of Nationalisation of Transport Bill be referred to a Select Committee consisting of the following members:—

'Shri K. C. George
" N. Raghava Kurup
" C. A. Mathew
" P. Viswambharan
" Prakkulam Bhasi
" T. S. Ramaswami
" A. Kunjan Nadar,
the Minister for Works' and the Mover.

സർ, ഈ സഭയിൽ അവതരിപ്പിക്കപ്പെട്ടുന്ന അനുബന്ധജ്യോതികബില്ലുകളുടെ ഗതി എന്താണെന്നു നമുക്കു അല്പം മുമ്പു മനസ്സിലായി. നിവൃത്തിയുണ്ടെങ്കിൽ അതിനെപ്പറ്റി ആലോചിക്കാതിരിക്കുക, സെലക്ട്കമ്മിറ്റിക്കയച്ചിട്ടുള്ള ബില്ലുകളെ സംബന്ധിച്ചപോലും ആവശ്യമായ നടപടികൾ നടത്താതിരിക്കുക, എന്ന നയമാണ് ഗവണ്മെൻറ് വിശേഷിച്ചും ഇന്നത്തെ ആഭ്യന്തരകാര്യമന്ത്രി, എടുത്തുവരുന്നതു്. എതായാലും ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ആ നയം അനുവർത്തിക്കപ്പെടുകയില്ലെന്നു വിശ്വസിക്കുന്നു. കഴിഞ്ഞ ദിവസം ശ്രീ. പ്രാക്കുളം ഭാസിയുടെ ചോദ്യത്തിനുത്തരമായി ട്രാൻസ്പോർട്ട് ദേശസാൽക്കരണംപോലെ കാര്യങ്ങളിൽ ഒരു അനുബന്ധജ്യോതികബിൽ വഴിയല്ല നിയമനിർമ്മാണം നടക്കേണ്ടതെന്നു മുഖ്യമന്ത്രി പറഞ്ഞു. ട്രാൻസ്പോർട്ട് ദേശസാൽക്കരണം സംബന്ധിച്ചു് മാത്രമല്ല, അതുപോലെ പ്രാധാന്യമുള്ള മറ്റെല്ലാ കാര്യങ്ങളെ സംബന്ധിച്ചും അനുബന്ധജ്യോതികമായ വഴിയിൽ കൂടിയല്ല, നിയമനിർമ്മാണം നടത്തേണ്ടതു എന്ന മുഖ്യമന്ത്രിയുടെ അഭിപ്രായത്തോടു് ഞാൻ പൂർണ്ണമായും

LIBRARY ARCHIVES Kerala Legislative Assembly

യോജിക്കുന്നു. പക്ഷെ ഔദ്യോഗികപക്ഷത്തുനിന്നും ഇത്തരമൊരു ബിൽ കൊണ്ടുവരാത്തിടത്തോളംകാലം അനൗദ്യോഗികപക്ഷത്തുനിന്നും കൊണ്ടുവരാതെ എന്തുചെയ്യും? ഗവണ്മെന്റു വളരെക്കാലമായി ആലോചിക്കുകയാണെന്നുകേട്ടു. പി. എസ്. പി. മന്ത്രിസഭ ഒന്നു തയാറാക്കിയതായും വാർത്തകൾ വന്നു. പക്ഷെ ഇതുവരെ ഒന്നും പുറത്തു കണ്ടില്ല. ടാൻസ്പോർട്ടുദേശസാൽക്കരണത്തിന്റെ ആവശ്യകത ഇന്നെല്ലാർക്കും ബോദ്ധ്യമുണ്ടു്. ഇങ്ങനെയൊരു ബില്ലിന്റെ ആവശ്യകതയെപ്പറ്റി ആവർത്തിച്ചാവർത്തിച്ചു നിവേദനങ്ങളുണ്ടായിട്ടും അതിനുള്ള നടപടികൾ തുടങ്ങാത്തതുകൊണ്ടു് ഈ ഒരു അനൗദ്യോഗിക ബില്ലു് ഞാൻ കൊണ്ടുവരേണ്ടതായിവന്നു. ഇങ്ങനെ കൊണ്ടുവരുന്ന സന്ദർഭത്തിൽ ഇതു് എത്രയും വേഗത്തിൽ നിയമമാക്കിത്തീർക്കത്തക്ക ഒരു നിലപാടു് ഗവണ്മെന്റു സ്വീകരിക്കേണ്ടതാണു്.

ഈ ബില്ലു് ഇവിടെ അവതരിപ്പിക്കുവാനുള്ള കാരണത്തെപ്പറ്റിയോ, അതിന്റെ ആവശ്യത്തെപ്പറ്റിയോ ഞാൻ അധികമൊന്നും പറയുന്നില്ല. സ്റ്റേറ്റുമെന്റു് ഓഫ് ഒബ്ജക്ട്സ് ആൻഡ് റീസൺസിൽ അതു സംക്ഷിപ്തമായി പ്രതിപാദിച്ചിട്ടുണ്ടു്.

സർ, ഇവിടത്തെ ടാൻസ്പോർട്ടു് മേഖലയിൽ പബ്ലിക്ക് സെക്ടറിനു് കൂടുതൽ പ്രാധാന്യം വേണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളതു്. ഇന്നു് പ്രൈവറ്റു് സെക്ടറിനാണു് കൂടുതൽ പ്രാധാന്യം. അതു നീക്കം ചെയ്തു റോഡുടാസ്പോർട്ടും വാട്ടർ ടാൻസ്പോർട്ടും മുഴുവൻ ദേശസാൽക്കരിച്ചു് ഗവണ്മെൻറിന്റെ മേൽനോട്ടത്തിൽ നടത്തണമെന്നാണു് എന്റെ അഭിപ്രായം. അതുപോലെ മുഴുവനും പബ്ലിക് സെക്ടറിന്റെ കീഴിൽ വന്നതിനുശേഷം ഇന്നു പ്രൈവറ്റുടമകളുടെ കീഴിൽ ജോലിനോക്കുന്ന തൊഴിലാളികളായ ഡ്രൈവറന്മാർ, കണ്ടക്ടറന്മാർ, മെക്കാനിക്കുകൾ മുതലായവരുടെ ജോലി സ്ഥിരതയ്ക്കു് വേണ്ട വ്യവസ്ഥ ചെയ്യുകയും അവരുടെ സർവ്വീസിനെ സംബന്ധിച്ചിടത്തോളമുള്ള മറ്റെല്ലാക്കാര്യങ്ങളിലും മറ്റു ഗവണ്മെൻറ് സർവ്വീസിലുള്ളവരോടൊപ്പം ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യേണ്ടതാണു്. ഇന്നാണെങ്കിൽ പ്രൈവറ്റു് ബസ് സർവ്വീസുകളിലും ബോട്ടുസർവ്വീസുകളിലുമുള്ള തൊഴിലാളികൾക്കു് ജോലി സ്ഥിരത ഇല്ലെന്നു മാത്രമല്ല, ഗവണ്മെൻറ് സർവ്വീസിലുള്ളവർക്കു് കിട്ടുന്നതുപോലെ ഉള്ള സർവ്വീസ് ആനുകൂല്യങ്ങൾ പലതും അവർക്കു് കിട്ടാതിരിക്കുകയുമാണു്. ഒരു ദൃഷ്ടാന്തം വ്യക്തമാണു്. ടാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽ ജോലി നോക്കുന്ന തൊഴിലാളികളുടെ ജീവിതത്തോടു ഇതരതൊഴിൽ രംഗങ്ങളെ അപേക്ഷിച്ചു് മെച്ചപ്പെട്ടതാണു്. ആ ഉയർച്ച ടാൻസ്പോർട്ടുമണ്ഡലത്തിൽ പണിയെടുക്കുന്ന എല്ലാ തൊഴിലാളികൾക്കും കിട്ടണം. സർ, ഈ ദേശസാൽക്കരണം നടപ്പിലാക്കുമ്പോൾ തൊഴിലാളികളുടെ ക്ഷേമം മാത്രമല്ല ഗവണ്മെൻറിന്റെ വരുമാനവും വർദ്ധിക്കും. നമ്മുടെ ടാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറ് ഇന്നു മാതൃകാപരമായി നടക്കുന്നില്ലെന്നു നമുക്കറിയാമെങ്കിലും, അനേകം കുംഭകോണങ്ങളെപ്പറ്റി അടിക്കടി നാം കേൾക്കാറുണ്ടെങ്കിലും ചെലവു കഴിച്ചു് ധാരാളം വരുമാനമുള്ള ഒരു ഡിപ്പാർട്ടുമെൻറാണു് എന്നു നമുക്കറിയാം. രണ്ടോമൂന്നോവർഷത്തിനുള്ളിൽ പണമുണ്ടാക്കുന്നതിനെപ്പറ്റി ആലോചനകൾ നടക്കുന്ന ഈ അവസരത്തിൽ വരവിനങ്ങളുടെ വിഷമതയെപ്പറ്റി വിലപിക്കുന്ന ഭരണാധികാരികളോടു് എനിക്കു നിർദ്ദേശി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഡി. വിവേകാനന്ദൻ]

ക്കാനുള്ള മാർഗ്ഗങ്ങളിൽ ഒന്ന് ടാൻസ്പോർട്ടദേശസാൽക്കരണമാണ്. കൂടുതലാളുകൾക്ക് നല്ലതരത്തിൽ ജോലി കൊടുക്കുന്ന നല്ലൊരുപരിപാടിയായിട്ടും മറ്റു വികസനപ്രവർത്തനങ്ങൾക്കാവശ്യമായ ധനസഹായം നൽകാൻ ഉതകുന്ന ഒരു മാർഗ്ഗമായും ഇതംഗീകരിക്കപ്പെടണം. സർ, കൂടുതലൊന്നും പറയാതെ, ഈ ബിൽ സെലക്ട് കമ്മിറ്റിക്കയയ്ക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഡി വിവേകാനന്ദൻ ഇവിടെ അവതരിപ്പിച്ച ടാൻസ്പോർട്ട് ദേശവൽക്കരണ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ് ചെയ്യുന്നത്. ടാൻസ്പോർട്ട് ദേശീകരണം ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിൽ ആരംഭിക്കുന്നതിനു വളരെ നേരത്തെ തന്നെ ഇവിടെ ആരംഭിച്ചതാണ്. അങ്ങനെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ നേരത്തെ ആരംഭിച്ച നമ്മുടെ സംസ്ഥാനത്തെ ടാൻസ്പോർട്ട് ദേശവൽക്കരണം ഈ അടുത്ത കാലത്ത് വളരെ മന്ദഗതിയിലാണ് മുന്നോട്ട പോകുന്നത്. അടുത്ത പഞ്ചവത്സര പദ്ധതിയിൽ ടാൻസ്പോർട്ടിനുവേണ്ടി ഒരു വലിയ തുക കൊള്ളിച്ചിട്ടുണ്ടെങ്കിലും രണ്ടാം പഞ്ചവത്സര പദ്ധതി പ്രവർത്തനം ആരംഭിക്കുന്ന സന്ദർഭത്തിലെങ്കിലും ടാൻസ്പോർട്ട് ദേശവൽക്കരിക്കണമെന്നുള്ള ഉദ്ദേശം ഗവണ്മെൻറിനു ഉണ്ടോ എന്ന് എനിക്ക് സംശയമാണ്. ഇതിനു മുൻപ് ഈ കാര്യത്തെപ്പറ്റി ഗവണ്മെൻറ് ഭാഗത്തുനിന്നും ഒരു ബിൽ അവതരിപ്പിക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇന്നുവരെ ആ കാര്യം ഗവണ്മെൻറ് വിഗണിക്കുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് സംസ്ഥാനഭാഗത്തുനിന്നും ഒരു ബിൽ കൊണ്ടുവന്നിരിക്കുന്ന ഈ സന്ദർഭത്തിൽ എങ്കിലും ബില്ലിനെ ഹാർദ്ദമായി അനുകൂലിച്ച് എന്തെങ്കിലും പോരായ്മ ഉണ്ടെങ്കിൽ അവ പരിഹരിച്ച് എത്രയും വേഗം ബിൽ നിയമമാക്കിത്തീർക്കുന്നതിനായിരിക്കണം ശ്രമിക്കേണ്ടത്. ടാൻസ്പോർട്ട് ദേശവൽക്കരണം നഷ്ടത്തിൽ കലാശിക്കുന്ന ഒരു ഇടപാടല്ല. സാമ്പത്തികമായി വലിയ വരുമാനമുള്ള ഒരു ഡിപ്പാർട്ടുമെൻറാണ് ഇത്. അതുകൊണ്ട് ഈ ബില്ലിനോട് ഗവണ്മെൻറ് ആത്മാർത്ഥമായി അനുകൂലിക്കണമെന്നാണ് എൻറെ അഭിപ്രായം. സർ, ഇന്ന് രാഷ്ട്രീയമായ പല പ്രേരണകളുടെയും അടിസ്ഥാനത്തിൽ പല വൃദ്ധകളിലും ഇനിയും കൈവെക്കാൻ ഗവണ്മെൻറ് മടിക്കുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ കാര്യത്തിൽ അത്രയോളം രാഷ്ട്രീയസമ്മർദ്ദം ഉണ്ടായിട്ടുണ്ടെന്നു പറയുന്നതിൽ വലിയ തെറ്റില്ല. പക്ഷേ നാം രണ്ടാം പഞ്ചവത്സരപദ്ധതി നടപ്പിലാക്കാൻ പോകുന്ന ഒരവസരമാണ് ഇത്. ആ പദ്ധതിക്ക് വളരെ അധികം പണം ആവശ്യമായതുകൊണ്ട് ടാൻസ്പോർട്ട് ഈ അവസരത്തിൽ ദേശവൽക്കരിക്കുന്നത് നമ്മുടെ സാമ്പത്തിക കഴിവുകേടിനെ സാരമായി ഇല്ലായ്മ ചെയ്യുന്നതാണ്. മാത്രമല്ല, പ്രൈവറ്റും ഗവണ്മെൻറും ടാൻസ്പോർട്ടുകളിലെ തൊഴിലാളികൾക്ക് ഇതുമൂലം അവരുടെ ജോലിസ്ഥിരത മറ്റാനുകൂല്യങ്ങൾ മുതലായവ ലഭിക്കുന്നതിനും അങ്ങനെ രാജ്യത്തു മോട്ടാർ ഉടമകളിൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന തൊഴിൽ കുഴപ്പങ്ങൾക്ക് പരിഹാരം ഉണ്ടാക്കാവുന്നതുമാകുന്നു. അതുകൊണ്ട് ഈ ബിൽ ഗവണ്മെൻറ് സ്വീകരിച്ച് നിയമമാക്കാൻ ശ്രമിക്കണമെന്നു ഞാൻ ഈ അവസരത്തിൽ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

SHRI A. THANU PILLAI : Sir, I also support the principle of the Bill. The nationalisation of Transport has been accepted by Government on principle. I do not see any reason why that policy should not be given effect to as speedily as possible. So far as I have been able to understand, the Second Five Year Plan does not contemplate the taking over of this business in full by the State. No doubt some provision is sought to be made in the budget. But I am definitely of the view that this is one of the activities which can be completely adopted by the Government during the Second Five Year Plan. Incidentally I may mention that the mileage that will have to be covered, the number of buses that will have to be purchased, the amount of money that will be required and other factors have to be definitely thought of. What is the objection of Government to make provision for that in the Second Five Year Plan ? That is what I seriously ask of Government in respect of the nationalisation of transport. Why should that be put off? The only reason I can see is that Government want to help and support private agencies. That should not be the consideration before Government at all. Let the Government make the utmost efforts to achieve this. That will be a line of success for them, and that will also give employment in a regular way to a large number of people. I do not want to throw off persons who are in private service now. All that will be considered in detail. Of course, I do not agree with the suggestion that all drivers, conductors, etc., of the private agency should be absorbed in the national service. Qualification and fitness have to be reckoned with. The standard prescribed should be adhered to in giving employment. Subject to that provision it is worth consideration. The transport service is giving much better satisfaction to the Public than private services in every way. Therefore, Sir, I feel that adequate attention has not been paid to this department. This is a very important bill that has been sponsored by a non-official and I support the principle of the bill. The bill as it is may have to undergo alterations. It may be true that it may not be possible to do that in one year. In five years time the thing could be achieved. I also suggest that the Select Committee should be given power to go into every aspect of the matter and make all the necessary changes. I do not know why Government did not bring forward a bill before this time. I like to hear the Minister on this point. Anyway I strongly support the motion.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ് : സർ, എന്റെ സ്നേഹിതൻ ശ്രീ. വിവേകാനന്ദൻ അവതരിപ്പിച്ച ബില്ലിനെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുകയാണ് ചെയ്തിരുന്നത്. ബില്ലിന്റെ അവതരണത്തിനുണ്ടായ കാരണത്തെപ്പറ്റിയും ബിൽ ഇവിടെ നിയമമായാൽ അതുകൊണ്ടുണ്ടാകുന്ന നന്മയെപ്പറ്റിയും വിശദമായി പറയുന്നതിന് എനിക്ക് സമയം ഇല്ലാത്തതുകൊണ്ട് ആ മോഹത്തെക്കുറിച്ച് കടക്കണമെന്നു വിചാരിക്കുന്നില്ല. സർ, കഴിഞ്ഞ അസംബ്ലിയിൽ ഇതുപോലെ ഒരു ബിൽ വിവേകാനന്ദനും ഞാനുമൊക്കെ കൊണ്ടുവരാൻ ശ്രമിക്കുന്നു എന്ന് അന്നു കേൾക്കുകയുണ്ടായി. എന്നാൽ, അതിൽ പിന്നീട് എന്തോ രാഷ്ട്രീയ സമ്മർദ്ദം കൊണ്ടായിരിക്കണം ആ കാര്യത്തെപ്പറ്റി ഒരനക്കംപോലും ഉണ്ടാകാതിരുന്നതു്. ഇപ്പോൾ അന്നത്തെ ഗവൺമെന്റിനു നിന്നും ട്രാൻസ്പോർട്ട് നാഷണലൈസേഷൻ സംബന്ധിച്ച് ഒരു ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുകയാണ്. ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നതിനു കാരണമാക്കിയ കമ്മിറ്റിയിൽ ട്രാൻസ്പോർട്ട് മന്ത്രികൂടി അംഗമായിരുന്നു എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണ്. അങ്ങനെയിരിക്കെ ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതു് ഏറ്റവും സന്തോഷകരമായ നടപടിയാണ്. ഗവൺമെന്റിനും മറ്റുള്ളവർക്കും ഇതിലേക്ക് വേണ്ട തയ്യാറെടുപ്പുകൾ ചെയ്യുകൊടുത്തു് നിയമമാക്കാൻ ശ്രമിക്കുകയും വേഗം ചെയ്യേണ്ടതാണെന്നുമാണ് എന്റെ അപേക്ഷ. അതല്ലാതെ ഇപ്പോൾ വന്നിരിക്കുന്ന ബില്ലിനെ പറ്റിയതുപോലെ ഒരഭിപ്രായം ഈ ബില്ലിനെപ്പറ്റിയും ഇരുന്നാൽ ഞങ്ങൾ എങ്ങനെയെങ്കിലും അനുകൂലിച്ചു പാസ്സാക്കിക്കൊള്ളാം. അതുകൊണ്ട് ഈ ബിൽ വേഗം കമ്മിറ്റിക്കു അയയ്ക്കണമെന്ന് ആവശ്യപ്പെട്ട ബില്ലിന്റെ അവതാരകനോടു് ഞാനും യോജിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി തോഷിന്ദമേനോൻ) : സർ, ഗവൺമെന്റ് ഈ ബില്ലിന്റെ തത്വത്തോടു യോജിക്കുകയാണ് ചെയ്യുന്നതു്. അതായതു് ട്രാൻസ്പോർട്ട് നാഷണലൈസ് ചെയ്യണമെന്നാണ് ബില്ലിന്റെ തത്വം. അതേ അവസരത്തിൽ എനിക്കു് ബഹുമാനപ്പെട്ട സഭയുടെ മുമ്പിൽ അറിയിക്കാനുള്ളതു്, ഇതേ കാര്യത്തിനുവേണ്ടി ഗവൺമെന്റ് ഒരു ബിൽ തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട് എന്നാണ്. ആ ബിൽ അടുത്ത നിയമസഭയിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നതുകൊണ്ടു് ഇതേപ്പറ്റി ആക്ഷേപമൊന്നുമുന്നയിക്കുകയും ആവശ്യമില്ല. ഈ ബിൽ സെലക്ട് കമ്മിറ്റിക്കു അയയ്ക്കുന്നതിനെ ഞാൻ എതിർക്കുന്നു. അതിനുള്ള കാരണം ഈ ബിൽ ഈ നിയമസഭയിൽതന്നെ പാസ്സാക്കിയാലും ബില്ലിനു നിയമസാധുത കിട്ടാൻ പോകുന്നില്ല. എന്തുകൊണ്ടെന്നാൽ ഇൻഡ്യൻ ഭരണഘടനയനുസരിച്ചു് പ്രസിഡന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ ഈ ബിൽ നിയമമാക്കുവാൻ സാധ്യമല്ല. അതുകൊണ്ടുമാത്രമാണ് ഞാൻ എതിർക്കുന്നതു്. ഒന്നുകൂടി ചേർക്കുകയാണെങ്കിൽ ഭരണഘടനയിലെ അർട്ടിക്കിൾ 19-ന്റെ അടുത്തതാണു് ഒരു ഭേദഗതി ഉണ്ടാകാതെ ട്രാൻസ്പോർട്ട് നാഷണലൈസ് ചെയ്യാൻ സാധിക്കുകയില്ല. ഈ ബില്ലിനു കൊടുത്തിരിക്കുന്ന പേരുതന്നെ T. C. Completion of Nationalisation of Transport Bill എന്നാണ്. ഇന്നു് നമ്മുടെ രാജ്യത്തു് നാഷണലൈസ് ചെയ്യാത്ത വണ്ടികൾ കുറെ അധികം ഉണ്ട്. അതിനുവേണ്ടി പ്രത്യേക നിയമം ഇല്ലാത്തതുകൊണ്ടു് ചില വൈഷമ്യങ്ങൾ ഉണ്ടായിട്ടുണ്ട്. ഭരണ

LIBRARY ARCHIVES Kerala Legislative Assembly

ഘടന അനുസരിച്ച് മോട്ടോർവെഹിക്കിൾസ് ആക്ടിൻപ്രകാരം പ്രൈവറ്റ് ഉടമകൾക്ക് ചില അവകാശങ്ങൾ ഉണ്ട്. അങ്ങനെ ഉള്ള മോട്ടോർ വെഹിക്കിൾസ് ആക്ടിലെ ക്ലാസ് 3-നും, 4-നും വിരുദ്ധമായിട്ടാണ് ഇപ്പോൾ നാം പ്രവർത്തിക്കേണ്ടിയിരിക്കുന്നത്. ആ ക്ലാസ് ഇവിടെ ഞാൻ വായിക്കാം.

Within a period of one year from date the elimination of private ownership of the means of transport should be completed and the Government shall own and operate services as per Rules formulated in this behalf.

The Route-permits now in vogue which give the right to private agencies to run services shall not be renewed to have effect beyond a specified date.

അങ്ങിനെ 1939-ലെ വെഹിക്കിൾസ് ആക്ടിനു വിരുദ്ധമായിട്ടാണ് നാം ഈ നിയമം പാസാക്കാൻ തുനിയുന്നത്. പിന്നീട് ഉണ്ടായത്, ഭരണഘടന 301-ം, 305-ം, വകുപ്പുകൾ അനുസരിച്ചുള്ള വിഷമങ്ങളാണ്. മൂന്നാമത്തേത് ആർട്ടിക്കിൾ 31 അനുസരിച്ചുള്ള മറ്റൊരു വിഷമമാണ്. ഇതൊക്കെ തരണം ചെയ്യണമെങ്കിൽ ഇൻഡ്യൻ ഭരണഘടന അനുസരിച്ച് ബിൽ അവതരിപ്പിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ചെയ്യണമെങ്കിൽ ഇൻഡ്യാഗവണ്മെൻറിന്റെ പെർമിഷനില്ലാതെ സംഭവ്യവുമല്ല. ഇനി ഒന്ന് എനിക്ക് പറയാനുള്ളത് എന്തെന്നാൽ ട്രാൻസ്പോർട്ട് മേഖലയുടെ സംബന്ധിച്ച് ഇൻഡ്യാഗവണ്മെൻറിന്റെ പ്ലാനിംഗ് കമ്മീഷൻ ഒരു സ്കീം തയ്യാറാക്കി മൂവ് ചെയ്തിരിക്കുകയാണ്. അതിന്റെ ഡ്രാഫ്റ്റിൽ ബസ്സ് റൂട്ടുകൾ നാഷണലൈസ് ചെയ്യുന്നതിനുവേണ്ടി ഒരു വലിയ തുക കൊള്ളിച്ചിട്ടുണ്ട്. അനുസരിച്ച് രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുമ്പോൾ കൂടുതൽ ബസ് റൂട്ടുകൾ സർക്കാർ ഏറ്റെടുത്തു നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. ആ സ്ഥിതിക്ക് ഈ ബില്ലിന്റെ ഇപ്പോഴത്തെ അവതരണം സന്ദർഭോചിതമാണെന്ന് പറയാൻ നിവൃത്തിയില്ല. ഈ കാര്യം സംബന്ധിച്ച് ഇൻഡ്യാഗവണ്മെൻറിന്റെ അനുവാദം വാങ്ങിയശേഷം ഈ ഗവണ്മെൻറ് തന്നെ ഒരു ബിൽ ഇതേ നിയമസഭയിൽ അവതരിപ്പിക്കാൻ ഉദ്ദേശിച്ചിരിക്കുകയാണ്. ഈ കാരണങ്ങളാലാണ് ഞാൻ ഈ ബില്ലിനെ എതിർക്കുന്നത്.

ശ്രീ. എ. താണുപിള്ള : പ്ലാനിംഗ് കമ്മീഷന്റെ നാഷണലൈസേഷൻ സംബന്ധിച്ചുള്ള സ്കീമിൽ എത്ര ഭാഗത്താണ് തിരുവിതാംകൂർ-കൊച്ചിക്കുവേണ്ടി തുക കൊള്ളിച്ചിട്ടുള്ളത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ഞാൻ നോക്കി പറയാം.

സർ, അങ്ങിനെ ഗവണ്മെൻറ് കൊണ്ടുവരാൻ ഉദ്ദേശിച്ചിരിക്കുന്ന ആ ബില്ലിൽ നാഷണലൈസേഷനുവേണ്ടി ഗവണ്മെൻറിനെ എനേബിൾ ചെയ്യുന്നതിന് ഒരു വ്യവസ്ഥ ഉണ്ടാക്കുകയും ആ വ്യവസ്ഥ അനുസരിച്ച് ഓരോ കൊല്ലവും ഇത്ര മൈൽവീതം നാഷണലൈസ് ചെയ്യുന്നതിനായി ഗവണ്മെൻറിന്നിന്നും റോഡുകൾ ഏറ്റെടുക്കുന്നതും ആണ് അതിനു ഒരു ബിൽ കൂടാതെ നിവൃത്തിയില്ല. അതിന് ഗവണ്മെൻ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഒരു ബിൽ കൊണ്ടുവരുന്നുണ്ട്. മുൻ അനുവാദം കൂടാതെയും മോട്ടാർ വെഹിക്കിൾസ് ആക്ടിനു വിരുദ്ധം ആയും ഒരു ബില്ല് കൊണ്ടുവരേണ്ട കാര്യം ഇല്ല. അതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. എല്ലാ ഭാഗത്തുമുള്ള അംഗങ്ങളുടെ അഭിപ്രായം ആയതുകൊണ്ടും ബില്ല് പൂർണ്ണമായിട്ടുണ്ടെന്നു അധികൃതമായി ഞാൻ പ്രസ്താവിക്കുന്നതുകൊണ്ടും നാഷണലൈസേഷൻ പദ്ധതിപ്രകാരം പ്ലാനിംഗ് കമ്മീഷൻ ഇതു സ്വീകരിച്ചിട്ടുണ്ടെന്നു അറിയിക്കുവാൻ എനിക്കു സന്തോഷമുള്ളതുകൊണ്ടും ഇൻഡ്യാഗവണ്മെൻറിന്റെ അനുവാദം വാങ്ങിച്ചിട്ടു അടുത്ത സമ്മേളനത്തിൽതന്നെ ഞാൻ ആ ബില്ല് ഹാജരാക്കാമെന്നു അഭിപ്രായപ്പെട്ടുകൊണ്ട് ഇതു സെലക്ട് കമ്മിറ്റിക്കു് അയക്കണമെന്നുള്ള അഭിപ്രായത്തെ എതിർക്കുന്നു.

ശ്രീ. ഡി. വിവേകാനന്ദൻ: ഭരണഘടനയുടെ വകുപ്പുകൾക്കും സെൻട്രൽ ആക്ടിനും വിരുദ്ധമാണെങ്കിൽ ഇതു കൊണ്ടുവന്നപ്പോൾതന്നെ എതിർക്കാമായിരുന്നു. ഇപ്പോൾ അങ്ങനെ എതിർക്കുന്നതുകൊണ്ടു അർത്ഥമില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മാത്രമല്ല ഫിനാൻഷ്യൽ പ്രൊവിഷൻ ചേർത്തിരിക്കുന്നതും അത്ര ശരിയല്ല. ഇതിനൊക്കെ എത്ര പണം വേണം എന്നെല്ലാം നോക്കി ഗവണ്മെൻറ് ഒരു ബില്ല കൊണ്ടുവരുന്നതാണു്.

ശ്രീ. ഡി. വിവേകാനന്ദൻ: ഇതുപോലെ ഇതിനുമുമ്പും പറഞ്ഞിട്ടുള്ളതാണു്. അതുകൊണ്ട് ഞാൻ ഇതു് പ്രസ്സു് ചെയ്യുന്നു.

MR. DEPUTY SPEAKER: The question is that the Travancore-Cochin Completion of Nationalisation of Transport Bill be referred to a Select Committee consisting of:

1. Shri K. C. George,
2. „ N. Raghava Kurup,
3. „ C. A. Mathew,
4. „ P. Viswambaran,
5. Shri Prakkulam Bhasi,
6. „ T. S. Ramswami,
7. „ A. Kunjan Nadar,
8. „ Minister for Transport and the Mover

The quorum being four.....

The motion was put and lost.

SHRI D. VIVEKANANDAN: Sir, I demand a poll.

SHRI PANAMPILLI GOVINDA MENON: Since Government consider that the Bill is absolutely unjust and of no use we do not propose to serve in the Committee. We refuse to serve. If a Bill like this is passed it will be absolutely useless and worthless.

SHRI A. THANU PILLAI: Why was it not objected to at the time of introduction?

LIBRARY ARCHIVES Kerala Legislative Assembly

SHRI PANAMPILLI GOVINDA MENON: Because it was thought that the Government Bill will be ready to be placed before the House by now. Government Bill is ready but the sanction of the Government of India has not been obtained. I submit to the House that the Government are accepting the principle of the Bill. This Bill cannot be considered by this Government, even if it is passed.

SHRI A. THANU PILLAI: Sir, I rise to a point of order. I wish to know whether Government Benches can say that they refuse to serve on a Committee if a Committee is constituted by this Legislature?

SHRI PANAMPILLI GOVINDA MENON: Any member can say that he cannot serve in a Committee.

SHRI A. THANU PILLAI: But can Government say that they refuse to serve in a Committee?

SHRI PANAMPILLI GOVINDA MENON: It is not a case of refusal. We do not serve.

SHRI A. THANU PILLAI: Sir, I want a ruling on that point.

MR. DEPUTY SPEAKER: Any private member can say that he is not able to serve in any Select Committee.

SHRI A. THANU PILLAI: But that is not the case with Government members. When the law enjoins that certain Ministers shall serve when they are called upon to do so, can they violate it? It is for individual members to say whether they serve or not. Will it be proper and legal for any Government member to refuse to serve in a Committee. Any private member can say that he is unable to serve in a committee due to some inconvenience. But when the law enjoins, can any Minister say that he cannot serve in a Committee even though that Committee is constituted by this House? That means that they want to violate the law. Are they entitled to do that?

SHRI PANAMPILLI GOVINDA MENON: I request the House and the Members to understand what I said in the spirit in which I said it. I admit that my capacity to speak in English is poor. I am not so efficient as the hon. Member. Therefore, I submit my point. Here is a situation in which the priciple of nationalisation is accepted by all sections of the House, and on behalf of Government, I say with all the authority that I may have that it is the intention of the Government to bring in a Bill. Government have been

LIBRARY ARCHIVES Kerala Legislative Assembly

[Shri Panampilli Govinda Menon]

advised, and it is my opinion too, that this Bill will serve no purpose. I make an earnest request to the mover of the Bill and the other Members of the House in the circumstances now obtaining, after I have stated that I agree in principle and that a Bill is proposed to be introduced, to consider whether this Bill is necessary at this stage.

SHRI N. RAGHAVA KURUP: Sir, I rise to a point of order. The question was put whether the Bill should be sent to the Select Committee or not and a poll was demanded. After the demand for the poll and the taking of the poll, will the Chair explain, whether there is any scope for such a discussion? The only thing remaining was to take a poll. When the question was put there was no objection to the names of the Members. Subsequently, when the poll was demanded and when it was to be taken a new objection was raised. I wish to know whether such objections can be raised at any time when it pleases a particular member or whether there is proper time prescribed by the Rules of this House. Objection to a resolution or motion before the House cannot be raised at any time a member likes. There should be some procedure that is binding on all members.

SHRI A. THANU PILLAI: Sir, my point of order is before the House. The Chief Minister stated in the House that the Government members would refuse to serve on the Committee. My point of order is that if, under the Rules, a Minister is enjoined to serve on a Committee constituted by this House whether he can refuse to serve on that Committee. I wish to have a ruling on that specific point of order.

SHRI PANAMPILLI GOVINDA MENON: May I know the Rule.

SHRI. M. P. MENON: Rule 81 says:

"The Minister concerned with the Bill and the Member who introduced the Bill shall be Members of every Select Committee, and it shall not be necessary to include their names in any motion for appointment of such a Committee". It is not necessary that the name of the Minister should be mentioned. He comes in automatically.

SHRI A. THANU PILLAI: So, his name need not even be suggested. Can the Chief Minister, the Leader of the House, who is in charge of the administration of the State stand up and say that the Minister concerned will refuse to serve on

LIBRARY ARCHIVES Kerala Legislative Assembly

the Committee? Individual members of a Committee may say "I would like to be excused, I am not able to serve in the Committee." But can the Chief Minister say that the Minister concerned who is enjoined by law to serve in the Committee will not serve on the Committee? He must unconditionally, as an hon. Member of the House, withdraw that statement.

SHRI PANAMPILLI GOVINDA MENON: Sir, in the light of the Rule, I unconditionally withdraw the statement.

MR. DEPUTY SPEAKER: As stated by Shri Raghava Kurup this discussion was quite out of place after the question has been put and the poll has been demanded.

A poll was then taken when the House divided as follows:—

Ayes—50

1	Shri	A. Achuthan	26	Shri	Kuttappan Koickal
2	,,	C. C. Ayyappan	27	,,	P. R. Madhavan Pillai
3	,,	K. A. Balan	28	,,	T. A. Majeed
4	,,	K. Balakrishnan	29	,,	P. Narayanan Potti
5	,,	R. Balakrishna Pillai	30	,,	P. S. Nataraja Pillai
6	,,	B. B. Pandarathil	31	,,	U. Neelakantan
7	,,	Prakkulam Bhasi	32	,,	N. Neelakantaru Pandarathil
8	,,	P. Bhaskaran Nair	33	,,	M. P. Menon
9	,,	Thoppil Bhaskaran Pillai	34	,,	R. Prakasam
10	,,	N. Chandrasekharan Nair	35	,,	N. Raghava Kurup
11	,,	K. Chandrasekhara Sastri	36	,,	C. K. Ramachandran Nair
12	,,	P. K. Chathan	37	,,	T. S. Ramaswami
13	,,	T. K. Divakaran	38	,,	P. Ravindran
14	,,	K. C. George	39	,,	C. G. Sadasivan
15	,,	P. Gopalan	40	,,	R. Sankaranarayanan Thampi
16	Sry.	K. R. Gouri	41	,,	K. A. Sivarama Bharathi
17	Shri	Joseph Chazhikatt	42	,,	V. Sreedharan
18	,,	Joseph Mundassery	43	,,	R. Sugathan
19	,,	C. Kochukunju	44	Dr.	P. K. Sukumaran
20	,,	Thalekkare K. Krishnan	45	Shri	A. Thanu Pillai
21	,,	K. Krishna Pillai	46	,,	T. V. Thomas
22	,,	K. S. Krishna Sastry	47	,,	P. Viswambharan
23	,,	P. K. Kunjachan	48	,,	C. K. Viswanathan
24	,,	P. Kunjan	49	,,	D. Vivekanandan
25	,,	P. K. Kunju	50	,,	P. K. Yasodharan

LIBRARY ARCHIVES Kerala Legislative Assembly

Noes—48

1	Shri	P. K. Abdul Khadir	25	Shri	T. T. Kesavan Sastry
2	„	K. C. Abraham	26	„	K. Kochukuttan
3	„	J. A. Bhatt	27	„	K. M. Korah
4	„	D. Anantharaman	28	„	P. R. Krishnan
5	„	M. A. Antony	29	„	A. Kunjan Nadar
6	„	Baby John	30	Sry.	T. C. Leela Devi Amma
7	„	K. K. Balakrishnan	31	Shri	P. M. Markose
8	„	T. O. Bava	32	„	M. M. Mathai
9	„	M. Bhaskaran Nair	33	„	C. A. Mathew
10	„	N. G. Chacko	34	„	N. Narayana Kurup
11	„	A. C. Chacko	35	„	N. A. Noor Mohamed
12	„	M. P. Chandrasekharan Pillai	36	„	N. Parameswaran Pillai
13	„	K. M. Chandy	37	„	R. Ponnappa Nadar
14	„	M. V. Cheriyan	38	„	P. Ramaswami Pillai
15	„	T. T. Daniel	39	„	P. J. Sebastian
16	„	K. M. George	40	„	V. V. Sebastian
17	„	K. P. Gopala Menon	41	„	A. M. Simon
18	„	Panampilli Govinda Menon	42	„	T. P. Sitaraman
19	„	K. P. Hormis	43	„	P. Thanuligam Nadar
20	„	Idiculla Idiculla	44	„	A. Thankiah
21	„	A. J. John	45	„	K. T. Thomas
22	„	V. J. Joseph	46	„	K. I. Velayudhan
23	„	K. Karunakaran	47	„	M. William
24	„	P. Kesava Menon	48	„	A. A. D. Luiz

Neutral—Shri Manjanatha Prabhu

Mr DEPUTY SPEAKER: For the motion 50, Against 48 and Neutral 1. The motion is carried.

The Cochin Co-operative Land Mortgage Bank Act (Amendment) Bill.

SHRI M. A. ANTONY: I move for leave to introduce the Cochin Co-operative Land Mortgage Act(Amendment) Bill.

10 A. M.

SHRI N. G. CHACKO: I second it.

The Motion was put and carried.

SHRI M. A. ANTONY: I move to introduce the Cochin Co-operative Land Mortgage Act (Amendment) Bill.

SHRI N. G. CHACKO: I second it.

MR. DEPUTY SPEAKER: The Bill stands introduced.

LIBRARY ARCHIVES Kerala Legislative Assembly